(എ) തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽനിന്നും മത്സ്യത്തൊഴിലാളികളെ ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച സർക്കാർ തീരുമാനം എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ) തീരദേശ നിയമപ്രകാരം പഞ്ചായത്തിൽ വേലിയേറ്റ രേഖയിൽനിന്നും 200 മീറ്റർ പരിധിക്ക് വെളിയിൽ പാരമ്പര്യമായി നിവസിക്കുന്ന തദ്ദേശ വാസികൾക്ക് വീട് വയ്ക്കാൻ നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകുന്നുണ്ട്. ഇതിനു പുറമെ 200 മീറ്ററിനകത്തു താമസിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വീട് പുതുക്കിപ്പണിയുന്നതിന് ചില നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നല്കുന്നുണ്ട്.

(ബി) തീരദേശ പരിപാലന നിയമം കേന്ദ്ര ഗവൺമെന്റിന്റെ 19 ഫെബ്രുവരി 1991-ൽ പുറപ്പെടുവിച്ച സി. ആർ. ഇസഡ്. നോട്ടിഫിക്കേഷൻ പ്രകാരമാണ് നിലവിൽ വന്നത്. ഇതു പ്രകാരം കടലോരങ്ങളും കായലുകളുടെ തീരങ്ങളും സംരക്ഷിക്കുക എന്ന വ്യക്തമായ ഉദ്ദേശ്യ ലക്ഷ്യമാണുള്ളത്. മത്സ്യത്തൊഴിലാളികൾക്ക് അവരുടെ തൊഴിൽ സംബന്ധമായ പ്രവർത്തനങ്ങൾക്ക് അവശ്യം വേണ്ട സ്ഥലങ്ങൾ ലഭ്യമാക്കാനും ഈ നിയമം സഹായിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ നിയമം മത്സ്യത്തൊഴിലാളികളുടെ പ്രവർത്തനത്തേയും തൊഴിലിനേയും സഹായിക്കത്തക്കവിധമാണ് ഉണ്ടാക്കിയിരിക്കുന്നത്.

കേരള എക്സ്പ്രസ്സ് ചണ്ഡീഗഢ് വരെ നീട്ടാനുള്ള തീരുമാനം

*6 [418] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള എക്സ്പ്രസ്സ് ചണ്ഡീഗഢ് വരെ ദീർഘിപ്പിക്കാനുള്ള തീരുമാനം ഡൽഹി മലയാളികളെ ദോഷകരമായി ബാധിക്കുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഡൽഹി യാത്രയ്ക്ക് ഇപ്പോൾ തന്നെ ആവശ്യമായ ട്രെയിൻ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ട്രെയിൻ ചണ്ഡിഗഢ് വരെ ദീർഘിപ്പിക്കാനുള്ള തിരുമാനം റദ്ദാക്കുകയോ കൂടുതൽ കോച്ചുകൾ ഘടിപ്പിക്കുകയോ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ,

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളത്തിൽ നിന്നും ബാംഗ്ളൂർ, ചെന്നൈ, ഡൽഹി മുതലായ പ്രധാന നഗരങ്ങളിലേക്ക് പുതിയ ട്രെയിൻ സർവീസ് ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) 2005 ഫെബ്രുവരി 26-ാം തീയതി കേന്ദ്ര റെയിൽവേ മന്ത്രി അവതരിപ്പിച്ച റെയിൽവേ ബജറ്റിലാണ് ഇത്തരം ഒരു പ്രഖ്യാപനം ഉണ്ടായിരിക്കുന്നത്. ഇതു പ്രാവർത്തികമാകുമ്പോൾ ഡൽഹി മലയാളികളെ എത്രമാത്രം ബാധിക്കും എന്ന കാര്യം വിലയിരുത്തപ്പെട്ടിട്ടില്ല.

(ബി) കേരള എക്സ്പ്രസ്സ് ഇപ്പോൾ 22 കോച്ചുകൾ ഘടിപ്പിച്ചാണ് ഓടിച്ചു കൊണ്ടിരിക്കുന്നത്. ടി ട്രെയിനിന് കൂടുതൽ കോച്ചുകൾ ഘടിപ്പിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല എന്ന് റെയിൽവേ അധികൃതർ അറിയിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ നിന്നും ബാംഗ്ളൂർ, ചെന്നൈ, ഡൽഹി മുതലായ പ്രധാന നഗരങ്ങളിലെക്ക് കൂടുതൽ ട്രെയിനുകൾ ഓടിക്കുന്ന കാര്യം കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെയും, റെയിൽവേ മന്ത്രിയുടെയും ശ്രദ്ധയിൽകൊണ്ടുവരികയും, അക്കാര്യം നേടിയെടുക്കുന്നതിനു വേണ്ട സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ അവധിക്കാലത്തും പ്രത്യേക അവസരങ്ങളിലും റെയിൽവേ ഈ നഗരങ്ങളിലേക്ക് പ്രത്യേക ട്രെയിൻ സർവ്വീസ് നടത്തിവരുന്നുണ്ട്.

നികുതി ഏർപ്പെടുത്തിയതുമൂലം അടച്ചു പൂട്ടിയ ചെറുകിട വ്യവസായങ്ങൾ

*7 [419] ശ്രീ. കെ. എൻ. എ. ഖാദർ:
,, ഇസ്ഹാക്ക് കുരിക്കൾ:
,, കളത്തിൽ അബ്ദുള്ള:
,, ചെർക്കളം അബ്ദുള്ള:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ബാങ്കുകളിൽനിന്നും കടമെടുത്ത് വ്യവസായങ്ങൾ തുടങ്ങിയ ചെറുകിട വ്യവസായികൾക്ക് നികുതി ഏർപ്പെടുത്തിയതുമൂലം കടങ്ങൾ തിരിച്ചടയ്ക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിൽപന നികുതി ഏർപ്പെടുത്തിയതുമൂലവും ഉദ്യോഗസ്ഥന്മാരുടെ ഇട പെടൽമൂലവും വ്യവസായങ്ങൾ പൂട്ടിയതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇവ പൂട്ടിക്കാൻ കാരണക്കാരായ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES-Kerala Legislative Assembly